പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ

118 [2854] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം കോർപ്പറേഷൻ എന്തു തുക വിവിധ ഇനങ്ങളിലായി സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പ ഇനത്തിൽ കൊടുത്തിട്ടുണ്ട്;

(സി) കോർപ്പറേഷൻ നൽകിവരുന്ന വായ്പ തുക ഫലപ്രദമായി ഉപയോഗിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ടോ;

(ഡി) പിന്നോക്ക വിഭാഗ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് സ്വയം തൊഴിൽ കണ്ടെത്തിയവരിൽ സംരംഭം നഷ്ടത്തിൽ കലാശിക്കുകയും വായ്പതുക തിരിച്ചടയ്ക്കാൻ കഴിയാതിരിക്കുകയും ചെയ്തവർക്ക് പലിശയിലും പിഴപ്പലിശയിലും ഇളവ് നൽകി ഒറ്റത്തവണയായി വായ്പ സംഖ്യ തിരിച്ചടയ്ക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് സംരംഭം തുടങ്ങിയവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ധന സഹായത്താൽ നടപ്പിലാക്കുന്നവ:

എ. സ്വയം തൊഴിൽ വായ്പാ പദ്ധതി.

ബി. വിദ്യാഭ്യാസ വായ്പാ പദ്ധതി.

സി. നിർദ്ധന വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പാ പദ്ധതി.

ഡി. ലഘു വായ്പാ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

(2) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ധന സഹായത്താൽ നടപ്പിലാക്കുന്നവ:

എ. സ്വയം തൊഴിൽ വായ്പാ പദ്ധതി.

ബി. വിദ്യാഭ്യാസ വായ്പാ പദ്ധതി.

(3) കോർപ്പറേഷന്റെ സ്വന്തം പണമുപയോഗിച്ച് നടപ്പിലാക്കുന്നവ:

എ. വിവാഹ വായ്പാ പദ്ധതി.

ബി. വിദേശത്ത് തൊഴിൽ തേടുന്നവർക്കുള്ള വായ്പാ പദ്ധതി.

സി. കമ്പ്യൂട്ടർ വായ്പാ പദ്ധതി.

ഡി. ഇരുചക്ര വാഹന വായ്പാ പദ്ധതി.

(ബി) വിവിധ ഇനങ്ങളിലായി കഴിഞ്ഞ സാമ്പത്തിക വർഷം സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി നൽകിയ വായ്പയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

എ. ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ 5539 പേർക്കായി 25 കോടി 4 ലക്ഷം രൂപ വായ്പയായി നൽകി.

ബി. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ധനസഹായത്തോടെ 1466 പേർക്കായി 6 കോടി 61 ലക്ഷം രൂപ വായ്പയായി നൽകി.

(സി) ഉണ്ട്.

(ഡി) പിഴപ്പലിശ ഇളവു നൽകിക്കൊണ്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നിലവിലുണ്ട്.

(ഇ) സ്വീകരിച്ചിട്ടുണ്ട്. പ്രീ ഡിസ്ബേഴ്സിംഗ് കൗൺസിലിംഗ് നടത്തുന്നുണ്ട്.

പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ്

119 [2855] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികളുടെ പഠനത്തിനായുള്ള ലംപ്സം ഗ്രാന്റ് നൽകുന്നതിൽ ഈ വർഷം എന്തെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര കാലതാമസം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇങ്ങനെ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly